# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *475 — 22.03.2018-ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വി. അൻവർ<br>ശ്രീ.കെ.വി.വിജയദാസ്<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.കാരാട്ട് റസാഖ് | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നിലവിലുണ്ട്:-<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നതും ശക്തിയാർജ്ജിക്കാൻ സാദ്ധ്യത ഉള്ളതുമായ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും അവ സമർപ്പിക്കുന്ന പ്രോജക്ടിന്റെ വിജയ സാദ്ധ്യത പരിഗണിച്ച് അംഗീകരിച്ച പ്രോജക്ട് ചെലവിന്റെ 65% വരെ ധനസഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ പുനരുദ്ധരിക്കുന്നതിനായി സംസ്ഥാന പദ്ധതിയിൽ നിലവിൽ വ്യവസ്ഥയുണ്ട്. അതോടൊപ്പം ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാധ്യതയുമുള്ള സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയിൽ കാർഷിക വായ്പാ സംഘങ്ങളുടെ അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നുണ്ട്. കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ മുഖേന കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ, ന്യായവിലയ്ക്ക് വളം, വിത്ത്, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നത് |

| | | | |
|---|---|---|---|
| | | | കൂടാതെ കാർഷികോത്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗൺ സംവിധാനവും ലഭ്യമാക്കുന്നു. കാർഷിക ആവശ്യത്തിനായി നൽകിവരുന്ന സ്വർണ്ണപ്പണയ വായ്പ, മറ്റ് ഹ്രസ്വകാല കാർഷിക വായ്പ, പലിശ രഹിത കാർഷിക വായ്പ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് നൽകി വരുന്ന വായ്പ എന്നിവയ്ക്ക് 'പുനരുദ്ധാരണ പദ്ധതി' പ്രകാരം ധനസഹായം നൽകിവരുന്നു. ഓഹരി, സബ്സിഡി, വായ്പ എന്നീ ഇനങ്ങളിലായി പരമാവധി 20 ലക്ഷം രൂപ വരെയാണ് അനുവദിക്കുന്നത്.<br>പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഓഹരി ഇനത്തിൽ 90,000/- രൂപയും സബ്സിഡി ഇനത്തിൽ 10,000/- രൂപയും ഉൾപ്പെടെ ഒരു ലക്ഷം രൂപാ നൽകുന്ന ധനസഹായ പദ്ധതിയുമുണ്ട്.<br>ദുർബ്ബല വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പരമാവധി 10 ലക്ഷം രൂപാ വരെയുള്ള ധനസഹായം അനുവദിക്കുന്നു.<br>പ്രാഥമിക പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായുള്ള റിവൈവൽ സ്കീം പ്രകാരം ഒരു സംഘത്തിന് പരമാവധി 6 ലക്ഷം രൂപ ഓഹരി, സബ്സിഡി വിഹിതങ്ങളിലായി നൽകിവരുന്നു. കൂടാതെ സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റ് ഇനത്തിൽ ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപയും സംഘം പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റ് ഇനത്തിൽ 2 ലക്ഷം രൂപയും അനുവദിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | പ്രാഥമിക സംസ്കരണ വിപണന സംഘങ്ങളിൽ ദുർബ്ബലമായവയുടെ പുനരുദ്ധാരണത്തിനായി സബ്സിഡി, ഓഹരി, വായ്പാ ഇനങ്ങളിൽ 20 ലക്ഷം രൂപാ നൽകുന്ന ധനസഹായ പദ്ധതി നിലവിലുണ്ട്. |
| (ബി) | പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം സഹായമാണ് നൽകി വരുന്നത്; | (ബി) | മറ്റു പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളോടൊപ്പം പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്കും കർഷക സേവന കേന്ദ്രം നടത്തുന്നതിന് എൻ.സി.ഡി.സി. ധനസഹായം സർക്കാർ ഓഹരിയായി നൽകി വരുന്നു. പ്രാഥമിക വിപണന സഹകരണ സംഘങ്ങളുടെ വ്യാപാര വിപുലീകരണത്തിനായും ധനസഹായം നൽകുന്നുണ്ട്. കൂടാതെ കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിനായി വിപണന സഹകരണ സംഘങ്ങൾക്ക് 25 ലക്ഷം രൂപാ വരെ ധനസഹായം നൽകുന്ന സംസ്ഥാന പദ്ധതിയിലെ 33% തുക ഓഹരി വിഹിതമായാണ് നൽകുന്നത്. |
| (സി) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിനും കർഷക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകി വരുന്നുണ്ടോ; | (സി) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണ ശാലകൾ നിർമ്മിക്കുന്നതിനും കർഷക സേവന കേന്ദ്രം നടത്തുന്നതിനും വായ്പ, ഓഹരി ഇനങ്ങളിൽ എൻ.സി.ഡി.സി.യുടെ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കൂടാതെ കർഷക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും സംസ്ഥാന പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി നടപ്പ സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | 'പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള വായ്പാ ധനസഹായം' പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിനായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 2500 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ സ്ഥാപിക്കുന്നതിനും കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിനും എൻ.സി.ഡി.സി.പദ്ധതിയിൽ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം ഉൾപ്പെടുത്തി 2017-18 വർഷത്തെ ബഡ്ജറ്റിൽ 600 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 2017-18 സാമ്പത്തിക വർഷം 500 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**